# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3567

30-01-2014 ൽ മറുപടിയ്ക്ക്

## എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.അച്ചുതൻ :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. പി.സി.വിഷ്ണുനാഥ് :<br>ശ്രീ. വി.ഡി.സതീശൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) നിലവിൽ നൽകിവരുന്നുണ്ട്. |
| ബി) പരിശീലനം നൽകുന്നതിലേക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ; | ബി) തൃശ്ശൂരിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് എക്സൈസ് അക്കാദമി ആന്റ് റിസർച്ച് സെന്ററിൽ, 90 പ്രവർത്തി ദിവസം നീണ്ടു നിൽക്കുന്ന പ്രാഥമിക പരിശീലനം, 100 സിവിൽ എക്സൈസ് ഓഫീസർ മാർക്ക് വീതം, നൽകി വരുന്നു. കൂടാതെ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ വരെയുള്ള ഉദ്യോഗസ്ഥർ ക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി) - ന്റെ സഹകരണത്തോടെ അഞ്ച് ദിവസം ദൈർഘ്യമുള്ള ഇൻസർവ്വീസ് പരിശീലനം നൽകി വരുന്നു. എക്സൈസ് അക്കാദമിയിൽ ആയുധപരിശീലനത്തിന് സൗകര്യം ഇല്ലാത്തതിനാൽ, പ്രിവന്റീവ് ഓഫീസർ, എക്സൈസ് ഇൻസ്പെക്ടർ എന്നീ തസ്തികകളിലെ ഉദ്യോഗസ്ഥർക്ക്, കേരള പോലീസ് അക്കാദമിയിലും, പോലീസ് ട്രെയിനിംഗ് കോളേജിലും വച്ച് ആയുധ പരിശീലനം നൽകി വരുന്നു. കൂടാതെ, പരിശീലനം ലഭിക്കാത്ത എക്സൈസ് ഡ്രൈവർമാർക്കും ഫെബ്രുവരി മാസത്തോടുകൂടി പരിശീലനം നൽകുന്നതിനുള്ള തയ്യാറെടുക്കലുകൾ നടത്തിവരുന്നു. |
| സി) പരിശീലനത്തിനായി മോഡ്യൂൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | സി) ഉദ്യോഗസ്ഥരുടെ അടിസ്ഥാന പരിശീലനത്തിനും ഇൻസർവ്വീസ് പരിശീലനത്തിനുമായി മോഡ്യൂളുകൾ തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം (1), (2), (3) എന്നിവയായി കൊടുത്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**